**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1544** **01-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ കൈവശ ഭൂമിയിൽ ഉടമസ്ഥത, പാട്ടം തുടങ്ങിയ അവകാശങ്ങൾക്ക് രേഖകൾ ഇല്ലാതെ ആർക്കും ഇനിയൊരു ഉത്തരവ് വരെ പട്ടയം നൽകരുതെന്ന ഹൈക്കോടതി നിർദേശം സംസ്ഥാനത്താകെ പട്ടയ വിതരണത്തെ ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് One Earth One life എന്ന സംഘടന ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10.01.2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 1964 ന് മുൻപ് ഭൂമി കൈവശത്തിലാണെന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലായെന്നും 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ച്കൊണ്ടും ഉത്തരവായിട്ടുണ്ട്. 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ ബാധകമാകുന്ന പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂമി പതിവ് നടപടികൾക്കാണ് മേൽ ഉത്തരവ് ബാധകമാകുന്നത്. ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള മറ്റ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയ നടപടികളെ ഈ ഉത്തരവ് ബാധിക്കുന്നില്ല. 1964 ലെ ചട്ടങ്ങളിലെ ചട്ടം 7(1)ന്റെ സാധുത സംബന്ധിച്ചാണ് മേൽ ഇടക്കാല ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. ഈ ഉത്തരവിൽ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ പ്രാബല്യതീയതിയ്ക്ക് ശേഷമുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നത് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ പാടില്ലായെന്നത് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഹൈക്കോടതി ഉത്തരവ് ഇടുക്കി ജില്ലയ്ക്കാണ് ബാധകമാക്കിയിട്ടുള്ളത്.1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തി പട്ടയ വിതരണ നടപടികളിലെ തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഈ കാര്യത്തിൽ എന്ത് പരിഹാരനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് | (ബി) | മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് One Earth One life എന്ന സംഘടന |

| | | | | |
|---|---|---|---|---|
| | അറിയിക്കുമോ? | | | ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10.01.2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 1964 ന് മുൻപ് ഭൂമി കൈവശത്തിലാണെന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലായെന്നും 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ച്കൊണ്ടും ഉത്തരവായിട്ടുണ്ട്. 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ ബാധകമാകുന്ന പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂമി പതിവ് നടപടികൾക്കാണ് മേൽ ഉത്തരവ് ബാധകമാകുന്നത്. ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള മറ്റ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയ നടപടികളെ ഈ ഉത്തരവ് ബാധിക്കുന്നില്ല. 1964 ലെ ചട്ടങ്ങളിലെ ചട്ടം 7(1)ന്റെ സാധുത സംബന്ധിച്ചാണ് മേൽ ഇടക്കാല ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. ഈ ഉത്തരവിൽ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ പ്രാബല്യതീയതിയ്ക്ക് ശേഷമുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നത് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ പാടില്ലായെന്നത് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഹൈക്കോടതി ഉത്തരവ് ഇടുക്കി ജില്ലയ്ക്കാണ് ബാധകമാക്കിയിട്ടുള്ളത്.1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തി പട്ടയ വിതരണ നടപടികളിലെ തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ